**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി. ചിത്ര. എൻ.ബി, അസി. എഞ്ചിനീയർക്ക് അനുവദിച്ച ശൂന്യവേതനാവധിയിലെ വിനിയോഗിക്കാത്ത കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ. (സാധാ) നം. 489/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 02.03.2019

---

പരാമർശം:- 1. സ.ഉ(സാധാ) നം.2162/2018/തസ്വഭവ തീയതി 06.08.2018

2 തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.01.2019 ലെ ഇ 3-2100/2008/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസി. എഞ്ചിനീയർ ശ്രീമതി. ചിത്ര. എൻ.ബി-ക്ക് 15.06.2018 മുതൽ 14.06.2019 വരെ, ഒരു വർഷത്തേയ്ക്ക്, ടി കാലയളവ്, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ.ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ പരാമർശം (1) ഉത്തരവ് പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു.

ശ്രീമതി. ചിത്ര. എൻ.ബി 20.06.2018 മുതൽ മാത്രമാണ് ശൂന്യവേതനാവധിയിൽ പ്രവേശിച്ചതെന്നും അതിനാൽ ശൂന്യവേതനാവധിയിലെ 15.06.2018 മുതൽ 19.06.2018 വരെയുള്ള വിനിയോഗിക്കാത്ത കാലയളവ് റദ്ദ് ചെയ്യണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, അസി. എഞ്ചിനീയർ ശ്രീമതി. ചിത്ര. എൻ.ബി-ക്ക് പരാമർശം(1) ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിലെ വിനിയോഗിക്കാത്ത 15.06.2018 മുതൽ 19.06.2018 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്ത്. വി.പി**

അണ്ടർ സെക്രട്ടറി

1 ശ്രീമതി. ചിത്ര. എൻ.ബി, അസി. എഞ്ചിനീയർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)

2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ

4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.